# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 3746

19.03.2018-ൽ മറുപടിയ്ക്ക്

## വെങ്കിടങ്ങ്-കണ്ണോത്ത്-പുല്ല റോഡ് ടാറിംഗ്

| ചോദ്യം<br>ശ്രീ.മുരളി പെരുനെല്ലി | ഉത്തരം<br>ശ്രീ. ജി. സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
|---|---|
| (എ) മണലൂർ, തൃശ്ശൂർ മണ്ഡലങ്ങളെ ബന്ധിപ്പിക്കുന്ന വെങ്കിടങ്ങ് - കണ്ണോത്ത് - പുല്ല റോഡിന് ആകെ എത്ര കി.മീറ്റർ നീളമുണ്ട്;<br>(ബി) പ്രസ്തുത റോഡിന്റെ എത്ര കി.മീറ്റർ ദൂരം ഇതുവരെ ടാറിംഗ് നടത്തി; അതിനായി എത്ര രൂപ ചെലവഴിച്ചു; | (എ) & (ബി) ആകെ 10 കി.മീ. നീളമുള്ള വെങ്കിടങ്ങ് - കണ്ണോത്ത് - പുല്ല റോഡിന്റെ 6.5 കി.മീ. ദൂരം ടാറിംഗ് നടത്തി. അതിനായി 9,11,45,882 രൂപ ചിലവഴിച്ചു. |
| (സി) ഇനി എത്ര കി. മീറ്റർ ടാർ ചെയ്യാൻ അവശേഷിക്കുന്നുണ്ട്; അവശേഷിക്കുന്ന ഭാഗം ടാർ ചെയ്യാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (സി) 3.5 കി.മി. ദൂരം ടാർ ചെയ്യുവാൻ അവശേഷിക്കുന്നുണ്ട്. വെങ്കിടങ്ങ് - കണ്ണോത്ത് - പുല്ല റോഡിന്റെ രണ്ടാം റീച്ചിന്റെ (6/500 മുതൽ 10/000 വരെ) 1360 ലക്ഷം രൂപയുടെ പ്രൊപ്പോസൽ ഫണ്ടിന്റെ അപര്യാപ്തത മൂലം 27.02.2016-ലെ 3973/ജി2/2016/പൊ.മ.വ കത്ത് പ്രകാരം നിരത്തുകളും പാലങ്ങളും വിഭാഗം ചീഫ് എഞ്ചിനീയർക്ക് മടക്കി നൽകിയിട്ടുണ്ട്. |
| (ഡി) പ്രസ്തുത റോഡ് ടാറിംഗിന് ആകെ അനുവദിച്ച തുക എത്രയാണ്; ഇതുവരെ എത്ര രൂപ ചെലവഴിച്ചു; വിശദാംശങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ? | (ഡി) "Construction of Thrissur Link road connecting NH 17 at Anchamkallu and Thrissur Kuttippuram SH at Puzhakkal" എന്ന പ്രവൃത്തിക്ക് നബാർഡ് RIDF VIII-ൽ ഉൾപ്പെടുത്തി 14.03.2003-ലെ സ.ഉ.(സാധാ) നം. 230/2003/പൊ.മ.വ. പ്രകാരം 740 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകുകയും, അതിൽ |

4,25,49,090/- രൂപ ചിലവഴിക്കുകയും ചെയ്തിട്ടുണ്ട്. ടി പ്രവൃത്തി കരാർ കാലാവധിക്കുള്ളിൽ നടപ്പിലാവാത്ത തിനെ തുടർന്ന് ഒന്നാം ഘട്ട നിർമാണത്തിന് (0/000 മുതൽ 6/500 വരെ) 2014-15-ലെ ബഡ്ജറ്റിൽ ഉൾപ്പെടുത്തി 11.02.2014-ലെ സ.ഉ. (സാധാ) നം. 209/2014/പൊ.മ.വ പ്രകാരം 500 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും, പ്രവൃത്തി 26/09/2015-ൽ തുടങ്ങി 04/07/2016-ൽ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ടി പ്രവൃത്തിക്കായി 4,85,96,792/- രൂപ ചിലവഴിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ